# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ .604 — 11.07.2012-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികൾ കടലിൽ നേരിടുന്ന അരക്ഷിതാവസ്ഥ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എം.എ. ബേബി<br>,, എസ്. ശർമ്മ<br>,, സി.കെ. സദാശിവൻ<br>,, കെ.വി. അബ്ദുൾ ഖാദർ | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്ക് തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | 1. വിദേശക്കപ്പലുകൾ കേരളത്തിന്റെ ടെറിട്ടോറിയൽ മേഖല വഴി (Innocent passage)കടന്നു പോകുമ്പോഴുണ്ടാകുന്ന അസൗകര്യങ്ങൾ.<br>2. വിദേശ ട്രോളറുകളുടെ അനിയന്ത്രിതമായ കടന്നുകയറ്റം.<br>3. വിദേശ കപ്പലുകൾ കേരള തീരം വഴി സഞ്ചരിക്കുമ്പോൾ ആവശ്യാനുസരണം സിഗ്നലുകളും മുന്നറിയിപ്പുകളും നൽകാതിരിക്കുന്നത്.<br>4. മത്സ്യത്തൊഴിലാളികൾ സുരക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കുന്നതിൽ വിമുഖത കാണിക്കുന്നത്. |
| (ബി) | പ്രതിദിനം കേരളതീരം വഴി ശരാശരി എത്ര കപ്പലുകൾ കടന്നുപോകുന്നതായി കണക്കാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | പ്രതിദിനം കേരളതീരം വഴി ശരാശരി 1200-1400 നും ഇടയിൽ വിദേശ കപ്പലുകൾ കടന്നു പോകുന്നു. |
| (സി) | മത്സ്യത്തൊഴിലാളികൾക്ക് കടലിൽ അരക്ഷിതാവസ്ഥ ഉണ്ടാകുന്നതിന് ഇത് ഏതെല്ലാം നിലയിൽ കാരണമാകുന്നുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (സി) | വിദേശകപ്പലുകൾ കേരളതീരം വഴി കടന്നു പോകുന്നതു മൂലം മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിനായി കടലിൽ ഉപയോഗിക്കുന്ന വല ഉൾപ്പടെയുള്ള മത്സ്യബന്ധനോപകരണങ്ങൾ നഷ്ടപ്പെടുവാനും അപകടങ്ങൾ ഉണ്ടാകാനും കാരണമാകുന്നു. ബോട്ടുകൾ ശ്രദ്ധയിൽപ്പെട്ടാൽ കപ്പലുകൾ മാറി സഞ്ചരിക്കാതിരിക്കുന്നതും യഥാസമയം കൃത്യമായി സിഗ്നലുകൾ കപ്പലിൽ നിന്നും മത്സ്യത്തൊഴിലാളികൾക്ക് നൽകാതിരിക്കുന്നതും അപകടങ്ങൾ ഉണ്ടാകുന്നതിന് കാരണമാകുന്നു. |

| | | | |
|---|---|---|---|
| (ഡി) | കേരളതീരം നിരീക്ഷണവിധേയമാക്കുന്നതിനും സുരക്ഷശക്തിപ്പെടുത്തുന്നതിനും പ്രതിരോധ മന്ത്രാലയം നിർദ്ദേശിച്ചിട്ടുണ്ടായിരുന്നുവോയെന്ന് വിശദമാക്കാമോ ? | (ഡി) | പ്രതിരോധ മന്ത്രാലയത്തിൽ നിന്നും നിർദ്ദേശങ്ങൾ ഒന്നും നേരിട്ട് ലഭിച്ചിട്ടില്ല. തീരത്തിന്റെ സുരക്ഷ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി മത്സ്യത്തൊഴിലാളികൾക്ക് ബയോമെട്രിക് കാർഡ് നൽകുന്നു. കൂടാതെ മത്സ്യബന്ധന യാനങ്ങൾക്ക് യൂണിഫോം രജിസ്ട്രേഷനും നടപ്പിലാക്കിയിട്ടുണ്ട്. 20 മീറ്ററിനു താഴെയുള്ള മത്സ്യബന്ധനയാനങ്ങൾക്ക് **Automatic Identification System (AIS)** കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴി നടപ്പിലാക്കുന്നു. |

സെക്ഷൻ ഓഫീസർ